**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 884** **31-01-2024 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ എസ്. സി. / എസ്. ടി. പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിൽ നടപ്പിലാക്കിവരുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വികസന വകുപ്പ് മുഖേന അംബേദ്കർ ഗ്രാമ വികസന പരിപാടിയിൽ ഉൾപ്പെടുത്തി കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ മൈക്കാനം എസ്.സി കോളനി സമഗ്ര വികസനം എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി അജാനൂർ ഗ്രാമ പഞ്ചായത്തിലെ മൂലകണ്ടം കോളനിയിലെ കമ്പ്യൂട്ടർ സെന്ററിന്റെ അറ്റകുറ്റപ്പണികൾ, വൈദ്യുതീകരണം, ചുറ്റുമതിൽ നിർമ്മാണം തുടങ്ങിയവ .<br><br>കാഞ്ഞങ്ങാട് ആവിക്കര എസ് .സി കോളനിയെ അംബേദ്കർ ഗ്രാമ വികസന പരിപാടിയിൽ ഉൾപ്പെടുത്തി കോളനിയിൽ സമഗ്ര വികസന പരിപാടി നടപ്പാക്കുക.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>പട്ടികവർഗ്ഗക്കാരുടെ ഭവന പൂർത്തീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ടുകൊണ്ട് സേഫ് പദ്ധതി, പട്ടിക വർഗ്ഗക്കാർക്കുള്ള ചികിത്സാ ധനസഹായം,ഭക്ഷ്യ സഹായ പദ്ധതി എന്നിവയും കരിന്തളത്ത് ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂൾ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ആരംഭിക്കുകയും ടി സ്ഥാപനത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികളും, അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി, ടി. |

| | | | |
|---|---|---|---|
| | | | ആർ.ഡി.എം പുനരധിവാസ പദ്ധതി , കോർപ്പസ് ഫണ്ട് എന്നിവയിലുൾപ്പെടുത്തി വിവിധ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട് . അതോടൊപ്പം അജാനൂർ ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള പട്ടികവർഗ്ഗ പെൺകുട്ടികൾക്കായുള്ള പോസ്റ്റ്മെട്രിക് ഹോസ്റ്റലിന് സ്വന്തം കെട്ടിടം പണിയുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട് . |
| (ബി) | നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികളുടെ പുരോഗതി അറിയിക്കുമോ? | (ബി) | പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികളുടെ പുരോഗതി **അനുബന്ധം I** ആയി ചേർക്കുന്നു.<br><br>കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗവികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.<br><br>1. **<u>ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂൾ</u>**<br><br>കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി 2022 വർഷം കരിന്തളത്ത് ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ (ഇ എം ആർ എസ് എസ്) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നിലവിൽ പ്രസ്തുത സ്ഥാപനത്തിൽ ആറ്, ഏഴ് ക്ലാസുകളിലായി 119 കുട്ടികൾ താമസിച്ച് പഠിക്കുന്നുണ്ട്. ടി സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>**2. <u>സേഫ് പദ്ധതി</u>**<br><br>പട്ടികവർഗ്ഗക്കാരുടെ ഭവന പൂർത്തീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ടുകൊണ്ട് കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ സേഫ് പദ്ധതിയിലുൾപ്പെടുത്തി ആകെ 62 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്.<br><br>**3. <u>അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി</u>**<br><br>2021-22 വർഷത്തെ അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ വടക്കുമ്പല, പനങ്ങാട്, പള്ളം പട്ക്ക - എലിക്കോട്ടുകയ എന്നീ 2 കോളനികളെ തെരഞ്ഞെടുക്കുകയുണ്ടായി. അവയുടെ ഡി.പി.ആർ. തയ്യാറാക്കി വരുന്നു.<br><br>2022-23 വർഷം പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ കുടുംബൂർ, വീട്ടിക്കോൽ, ബാപ്പുങ്കയം എന്നീ കോളനികളെ |

| | | | |
|---|---|---|---|
| | | | നിലവിൽ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത കോളനികളിൽ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>4. **<u>ടി.ആർ.ഡി.എം</u>**<br><br>പരിസ്ഥിതി ലോല പ്രദേശമായ കമ്പാടിയിലെ 10 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് റ്റി.ആർ.ഡി.എം. പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിന് ആകെ 21,00,000/- ലക്ഷം രൂപ 2023-24 വർഷം അനുവദിച്ചിട്ടുണ്ട്.<br><br>5. **<u>കോർപ്പസ് ഫണ്ട്</u>**<br><br>കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ<br><br>കോർപ്പസ് ഫണ്ട് മുഖേന നടപ്പിലാക്കിയ പ്രവർത്തികളുടെ പുരോഗതി വിവരങ്ങൾ **അനുബന്ധം II** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

| കോളനി | മണ്ഡലം | പുരോഗതി |
|---|---|---|
| മൈക്കാനം എസ്.സി കോളനി | കാഞ്ഞങ്ങാട് | 1. വീട്ടുകളുടെ അറ്റകുറ്റ പണികൾ പുരോഗമിക്കുന്നു.<br>2. കിണറുകളുടെ അറ്റകുറ്റ പണി 3 എണ്ണം പൂർത്തിയായി. 2 എണ്ണം പുരോഗമിച്ചു വരുന്നു<br>3. കുടിവെള്ള പദ്ധതികൾ - കുഴൽ കിണർ നിർമ്മാണം പൂർത്തിയായി. വാട്ടർടാങ്ക് നിർമ്മാണം പുരോഗമിച്ചു വരുന്നു.<br>4. കമ്മ്യൂണിറ്റി ഹാളിന്റെ അറ്റകുറ്റ പണികൾ - ചുറ്റുമതിൽ നിർമ്മാണം പൂർത്തിയായി, വൈദ്യുതീകരണം പ്രവർത്തികൾ നടന്നുവരുന്നു.<br>5. റോഡ് കോൺക്രീറ്റിംഗ് - ഒന്ന് പൂർത്തിയാക്കി, ഒന്ന് പുരോഗമിക്കുന്നു.<br>6. സോളർ ലൈറ്റ് - പുരോഗമിക്കുന്നു.<br>7. മാരിയമ്മൻ അമ്പലം അറ്റകുറ്റ പണി പൂർത്തിയായി. |

[signature]
സെക്ഷൻ ഓഫീസർ

## അനുബന്ധം – II

| ക്രമ നം. | വർഷം | പ്രവൃത്തിയുടെപേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | പ്രവൃത്തിയുടെസ്റ്റാറ്റസ് |
|---|---|---|---|---|
| 1 | 2021-22 | ഓൺലൈന് പഠനകേന്ദ്രങ്ങള് | 2465000 | പൂർത്തീകരിച്ചു |
| 2 | 2021-22 | സഹായി സെൻററ് | 429000 | പൂർത്തീകരിച്ചു |
| 3 | 2021-22 | പട്ടികവർഗ കോളനിയിൽ ഇൻറർനെറ്റ് സൗകര്യമൊരുക്കൽ | 52417470 | പൂർത്തീകരിച്ചു |
| 4 | 2021-22 | വീടിന് മുകളിലുള്ള ഇലട്രിക് ലൈൻ മാറ്റി സ്ഥാപിക്കൽ | 30390 | പൂർത്തീകരിച്ചു |
| 5 | 2021-22 | നെല്ലിയറ കമ്മ്യൂണിറ്റി ഹാൾ- വൈദ്യുതി ചാർജ് ഒടുക്കിയത് | 7031 | പൂർത്തീകരിച്ചു |
| 6 | 2021-22 | ഭവന നവീകരണം 29 പേർക്ക് | 1740000 | പൂർത്തീകരിച്ചു |
| 7 | 2021-22 | വട്ട, കുട്ട, മുറം എന്നീ പരമ്പരാഗതി കൈത്തൊഴിലുകൾക്കുള്ള ധനസഹായം | 70000 | പൂർത്തീകരിച്ചു |
| 8 | 2022-23 | സഹായി സെൻററ് | 540000 | പൂർത്തീകരിച്ചു |
| 9 | 2022-23 | പാത്തിക്കര കമ്മ്യൂണിറ്റി ഹാൾ | 2460000 | പ്രവൃത്തിആരംഭിച്ചിട്ടുണ്ട്. |
| 10 | 2022-23 | എസ്.എസ്.എൽ.സി, പ്ലസ്ടു കരിയർ ഗൈഡൻസ് | 146680 | പൂർത്തീകരിച്ചു |
| 11 | 2022-23 | റബ്ബർറോളർ | 120480 | പൂർത്തീകരിച്ചു |
| 12 | 2022-23 | ഭവന നവീകരണം (മുൻവർഷങ്ങളിൽ അനുവദിച്ചതിൻറെ തുടർഗഡുക്കൾ) | 3100000 | പൂർത്തീകരിച്ചു |
| 13 | 2022-23 | ആധാർ, ബാങ്ക് അക്കൗണ്ട് ക്യാമ്പ് | 23310 | പൂർത്തീകരിച്ചു |
| 14 | 2022-23 | ടി.ഇ.ഒ മാർക്ക് പദ്ധതി നിരീക്ഷണത്തിന് വാഹനം സജ്ജമാക്കുന്നത് | 3,60,000 | പൂർത്തീകരിച്ചു |
| 15 | 2022-23 | വീടിന് മുകളിലുള്ള ഇലക്ട്രിക് ലൈൻ മാറ്റിവെക്കല് | 18926 | പൂർത്തീകരിച്ചു |
| 16 | 2022-23 | കരിന്തളം ഇ.എം.ആർ.എസ്.എസ് കമ്പിവേലി നിർമ്മാണം | 500000 | പ്രവൃത്തിപൂർത്തീകരിച്ചു |
| 17 | 2022-23 | പ്രീമെട്രിക് ഹോസ്റ്റൽ ബളാംതോട് അറ്റകുറ്റപ്പണി (പെയിന്റിംഗ്) | 4,00,000 | പൂർത്തീകരിച്ചു |
| 18 | 2022-23 | വീട്ടിയോടി കോളനി റോഡ് ടാറിംഗ് | 27,45,000 | പ്രവൃത്തിപൂർത്തീകരിച്ചു. |

| | | | | |
|---|---|---|---|---|
| 32 | 2023-24 | ഹോസ്റ്റൽ, ഇ എം ആർ എസ് എന്നിവിടങ്ങളിലേക്ക് രജിസ്റ്ററുകൾ വാങ്ങിയതിൽ അനുവദിച്ച തുകയുടെസാധൂകരണം | 13910 | പൂർത്തീകരിച്ചു. |
| 33 | 2023-24 | കുളിനിപ്പാറകോളനികമ്യൂണിറ്റി ഹാൾനിർമ്മാണം | 2000000 | പ്രവർത്തികൾ പുരോഗമിക്കുന്നു |
| 34 | 2023-24 | കണ്ണാടിപ്പാറ - തലവയൽ - കോളനിറോഡ് - കോൺക്രീറ്റ് | 630000 | പ്രവർത്തികൾ പുരോഗമിക്കുന്നു |
| 35 | 2023-24 | ഞാട്ടക്കല്ല് - കൊളങ്ങരടിറോഡ്- കോൺ ക്രീറ്റ് | 8247100 | പ്രവർത്തികൾ പുരോഗമിക്കുന്നു |
| 36 | 2023-24 | പദ്ധതിനിർവ്വഹണത്തിന് മോണിറ്ററിംഗ് ചാർജ് അനുവദിച്ചതിന്റെ സാധൂകരണം | 8404 | പൂർത്തീകരിച്ചു |
| 37 | 2023-24 | സാമൂഹ്യപഠന മുറികളിൽലൈബ്രറി സംവിധാനംഏർപ്പെടുത്തുന്നത് | 434672 | എല്ലാലൈബ്രറികളിലും ഫർണിച്ചർ വാങ്ങിയിട്ടുണ്ട്. ആയതിൽ 224672/- രൂപചെലവഴിച്ചിട്ടുണ്ട്. ബുക്കുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| 38 | 2023-24 | പരപ്പടി ഡി ഒ പരിധിയിലെ വൈദ്യുതീകരിക്കാത്ത 154 വീടുകൾ വൈദ്യുതീകരിക്കുന്നതിനുള്ളപ്രൊപ്പോസൽ | 1892198 | പൂർത്തീകരിച്ചിട്ടില്ല. 2012 ന് ശേഷം വകുപ്പ് മുഖേന നിർമ്മിച്ച വീടുകൾ 154 ലിസ്റ്റിൽഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് ഒഴിവാക്കാൻ ഡയറക്ടർ നിർദ്ദേശംനൽകിയിട്ടുണ്ട്. |

കൂടാതെ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ മടിക്കൈ പഞ്ചായത്തിൽ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി 6 തെങ്ങ് കയറ്റ യന്ത്രങ്ങൾ , 1 പുല്ലുവെട്ട് യന്ത്രം, 1 മരംവെട്ട് യന്ത്രം, 1 റബ്ബർ റോളർ എന്നിവയും അജാനൂർ ഗ്രാമപഞ്ചായത്തിൽ ഒരു മരംവെട്ട് യന്ത്രവും പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ